"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്-10-02-2021-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി തീരുമാനങ്ങൾ - ബ്ലോക്കടിസ്ഥാനത്തിൽ സഹകരണ ബാങ്കുകളുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന കർഷക സേവന കേന്ദ്രങ്ങളിൽ നിന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കൃഷി പ്രോജക്ടുകൾക്കാവശ്യമായ സാധനങ്ങൾ നേരിട്ട് വാങ്ങുന്നതിന് നിബന്ധനയോടെ പ്രത്യേകാനുമതി നൽകി ഉത്തരവാകുന്നു.

**തദ്ദേശ സ്വയംഭരണ (ഡിഡി) വകുപ്പ്**

**സ.ഉ.(സാധാ) നം.616/2021/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 26/02/2021

പരാമർശം:- 1 ബഹു.തിരുവമ്പാടി എം.എൽ.എ ശ്രീ. ജോർജ്ജ് എം. തോമസ് എസ്.ആർ.ജി.ചെയർമാന് നൽകിയ 27.01.2021-ലെ കത്ത്

2 10.02.2021-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 4.19-ാം നമ്പർ തീരുമാനം

**ഉത്തരവ്**

ബ്ലോക്കടിസ്ഥാനത്തിൽ സഹകരണ ബാങ്കുകളുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന കർഷക സേവന കേന്ദ്രങ്ങളിൽ നിന്നും തദ്ദേശഭരണ സ്ഥാപനങ്ങളുടെ കൃഷി പ്രോജക്ടുകൾക്കാവശ്യമായ നടീൽ വസ്തുക്കൾ, വിത്ത്, വളം മുതലായവ സാധനങ്ങൾ നേരിട്ട് വാങ്ങുന്നതിന് (ടെണ്ടർ കൂടാതെ) അനുമതി നൽകണമെന്ന ബഹു.തിരുവമ്പാടി എം.എൽ.എ.യുടെ പരാമർശം ( 1 ) കത്തിലെ ആവശ്യം വികേന്ദ്രീകൃതാസൂത്രണ കോഓർഡിനേഷൻ സമിതി യോഗം പരിഗണിക്കുകയും സാധനങ്ങളുടെ ഗുണനിലവാരം കൃഷി അസിസ്റ്റന്റ് ഡയറക്ടർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തണമെന്ന നിബന്ധനയോടെ അനുമതി നൽകാൻ പരാമർശം (2) പ്രകാരം തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

2. മേൽ വിവരിച്ച സാഹചര്യത്തിൽ സഹകരണ ബാങ്കുകളുടെ നേതൃത്വത്തിൽ ബ്ലോക്കടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന കർഷക സേവന കേന്ദ്രങ്ങളിൽ നിന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കൃഷി പ്രോജക്ടുകൾക്കാവശ്യമായ നടീൽ വസ്തുക്കൾ, വിത്ത്, വളം മുതലായ സാധനങ്ങൾ ടെണ്ടർ കൂടാതെ നേരിട്ട് വാങ്ങുന്നതിന്, ടി സാധനങ്ങളുടെ ഗുണനിലവാരം കൃഷി അസിസ്റ്റന്റ് ഡയറക്ടർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തേണ്ടതാണ് എന്ന നിബന്ധനയോടെ പ്രത്യേകാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ജയശ്രീ പി എൻ**
**അണ്ടർ സെക്രട്ടറി**

പകർപ്പ്:ഗ്രാമ വികസന കമ്മീഷണർ,തിരുവനന്തപുരം

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്/സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)

എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ്/സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)

എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്/സെക്രട്ടറിമാർക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന)

ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.

വെബ് & ന്യൂ മീഡിയ (ഐ & പി.ആർ.ഡി)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

ത.സ്വ.ഭ.(ഡി.എ)വകുപ്പ്

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by NISAM N
Date: 2021.02.26 17:08:29 IST
Reason: Approved
സെക്ഷൻ ഓഫീസർ